**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 176** **01-02-2023 - ൽ മറുപടിയ്ക്ക്**

**ആശ്വാസ കിരണം, സമാശ്വാസം പദ്ധതികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ബി.പി.എൽ. കുടുംബങ്ങളിലെ വൃക്ക, കരൾ, ഹൃദയം മുതലായ ആന്തരിക അവയവങ്ങൾക്കുണ്ടാകുന്ന ഗുരുതരമായ രോഗം ഉള്ളവർക്കും ഡയാലിസിസ് രോഗികൾക്കും മറ്റും ആശ്വാസ കിരണം, സമാശ്വാസം മുതലായ പദ്ധതികൾ പ്രകാരം നൽകിയിരുന്ന ചികിത്സ സഹായം കഴിഞ്ഞ നാല് വർഷമായി ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ; | (എ) | ഈ ചികിത്സാ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ നാല്വ വർഷമായി ലഭിക്കുന്നില്ല എന്നത് ശരിയല്ല.<br><br>**<u>സമാശ്വാസം പദ്ധതി</u>**<br><br>വൃക്ക/കരൾ എന്നീ അവയവങ്ങൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്കും, ഡയാലിസിസിന് വിധേയരാകുന്നവർക്കും മെഡിക്കൽ സർട്ടിഫിക്കറ്റും മറ്റ് ഇതര രേഖകളും കൃത്യമായി സമർപ്പിച്ചവർക്ക് സമാശ്വാസം പദ്ധതിയിൽ ഉൾപ്പെടുത്തി 2022 നവംബർ മാസം വരെ ചികിത്സാ സഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>**<u>ആശ്വാസകിരണം പദ്ധതി</u>**<br><br>2022-23 സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി 42.5 കോടി രൂപയുടെ ഭരണാനുമതി നൽകി. അതിൽ ആദ്യഗഡുവായി അനുവദിച്ച 10 കോടി രൂപയിൽ 9,86,20,800/- രൂപ ചെലവഴിച്ച് 7 ജില്ലകളിൽ 5 മാസത്തെയും ബാക്കി 7 ജില്ലകളിൽ 4 മാസത്തെയും ധനസഹായം ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 34,965 ഗുണഭോക്താക്കൾക്ക് അവരുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്തിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ അവശേഷിക്കുന്ന തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത രോഗികൾക്കുള്ള ചികിത്സ സഹായം മുടങ്ങിയിട്ടുണ്ടെങ്കിൽ അത് മുൻകാല പ്രാബല്യത്തോടെ പുനസ്ഥാപിച്ച് രോഗികളുടെ ദയനീയാവസ്ഥ പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അവശേഷിക്കുന്ന ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ